# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.478 - 02/12/2014 - ലെ മറുപടിക്ക്

### ധന ഉത്തരവാദിത്വ നിയമം

| ചോദ്യം<br><br>ശ്രീ. കെ.സുരേഷ് കുറുപ്പ് | ഉത്തരം<br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ധന ഉത്തരവാദിത്വ നിയമം സർക്കാർ പാസ്സാക്കിയത് ഏത് തീയതിയിലായിരുന്നു, അതിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ, | 2003 സെപ്റ്റംബർ 17-ാം തീയതി പുറപ്പെടുവിച്ച കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.<br>1. സർക്കാർ ഓരോ സാമ്പത്തിക വർഷവും വാർഷിക ബഡ്ജറ്റിനോടൊപ്പം ഒരു ധനസംബന്ധമായ മിതകാലനയ സ്റ്റേറ്റ്മെന്റും ഒരു ധനസംബന്ധമായ നയസ്ട്രാറ്റജി സ്റ്റേറ്റ്മെന്റും നിയമസഭ മുൻപാകെ വയ്ക്കേണ്ടതാകുന്നു.<br>2. സർക്കാർ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തത്വങ്ങൾ പിൻതുടർന്നു കൊണ്ട്, റവന്യൂകമ്മി കുറയ്ക്കുന്നതിനും മതിയായ റവന്യൂ മിച്ചം ഉണ്ടാക്കിയെടുക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>3. സർക്കാർ സംബന്ധമായ ഇടപാടുകളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ നടപടികൾ എടുക്കേണ്ടതും വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പൊതുതാല്പര്യാർത്ഥം ഔദ്യോഗിക രഹസ്യ സ്വഭാവം കഴിയുന്നിടത്തോളം കുറയ്ക്കുകയും ചെയ്യേണ്ടതാണ്.<br>4. ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം കഴിയുന്നത്ര വേഗം, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, 'പൊതു ചെലവ് പുനഃ പരിശോധന കമ്മിറ്റി' എന്ന പേരിൽ ഒരു കമ്മിറ്റിയെ നിയമിക്കാവുന്നതാണ്. |

(ബി) നിയമ വ്യവസ്ഥകളും സർക്കാരിന്റെ ധനസ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ,

2011 ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരം റവന്യൂകമ്മി 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചു കൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്.

(സി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യൂ കമ്മി, ബഡ്ജറ്റ് കമ്മി ബാധ്യതകൾ തുടങ്ങിയ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഇതേ ആക്ട് പ്രകാരം 2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14 ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 എപ്രിൽ 1 ന് ആരംഭിച്ച് 2014 മാർച്ച് 31 ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്.

അതുപോലെ തന്നെ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 32.3 ശതമാനം, 31.7 ശതമാനം, 30.7 ശതമാനം, 29.8 ശതമാനം എന്ന ക്രമത്തിലേക്ക് കുറച്ചു കൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിൻെറ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്.

2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ധനകമ്മി, റവന്യൂ കമ്മി, കടബാധ്യതകൾ തുടങ്ങിയവയുടെ ധനഉത്തരവാദിത്വ നിയമപ്രകാരമുള്ള ലക്ഷ്യവും നേട്ടവും ചുവടെ ചേർക്കുന്നു.

(ശതമാനത്തിൽ)

| | 2011-12 | | 2012-13 | | 2013.14 (ബഡ്ജറ്റ് എസ്റ്റിമേറ്റ്) | |
|---|---|---|---|---|---|---|
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| റവന്യൂ കമ്മി | 1.4 | 2.61 | 0.9 | 2.68 | 0.5 | 0.54 |
| ധനകമ്മി | 3.50 | 4.16 | 3.50 | 4.29 | 3.0 | 2.82 |
| കടബാദ്ധ്യത | 32.3 | 29.04 | 31.7 | 29.64 | 30.7 | 27.14 |

**സെക്ഷൻ ഓഫീസർ**